**24U148S** (Pages: 2) Name: ……………..............

Reg. No: ………....................

**FIRST SEMESTER B.Com./B.B.A. DEGREE EXAMINATION, NOVEMBER 2024**

(CBCSS-UG)

**CC19U MAL1 A07(2) – മലയാള സാഹിത്യ പഠനം – I**

(Malayalam – Common Course)

(2019 to 2023 Admissions – Supplementary/Improvement)

Time: 2 ½ Hours Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി 25 മാർക്ക്.**

1. 'ആ കലാകാരൻ വെറുമൊരു മഹാരാജാവ് മാത്രമല്ല, ധീരനായ ഒരു ദേശാഭിമാനി കൂടിയാണെന്ന് എനിക്ക് മനസ്സിലായി 'ആര് ? എന്തുകൊണ്ട്?
2. ഉമാപതി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടത് എന്തുകൊണ്ടാണ്.?
3. 'ആയിരം ആനകൾ ചിന്നം വിളിച്ചെത്തുന്നതു പോലെ എന്ന് ആരോ അതിനെ വിവരിച്ചിട്ടുണ്ട് 'ഏതിനെ.? സന്ദർഭമേത്.?
4. നീലിമയിൽ ബാലുവിന്റെ സാന്നിധ്യം അസ്വസ്ഥത ജനിപ്പിച്ചതെന്തുകൊണ്ട്?
5. കാട്ടുരാജാവിന്റെ രോഗകാരണമെന്തായിരുന്നു?
6. നിരൂപണഗ്രന്ഥത്തെക്കുറിച്ച് എം. എൻ. വിജയന്റെ അഭിപ്രായമെന്തായിരുന്നു.?
7. 'എന്റെ ചുണ്ടുകൾ പെട്ടെന്ന് കല്ലായി മാറി. ചിന്തയിലെ ജീവൻ ചുണ്ടിൽ ചെന്നെത്തിയില്ല ' ആരുടെ.? സന്ദർഭമേത്?
8. പാടാൻകവലയെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക?
9. 'ഒട്ടും വൈകാതെ തുടങ്ങുക തന്നെ. നിരീക്ഷണപാടവം വർദ്ധിക്കുന്നത്തോടെ ദൂരദർശിനി വാങ്ങി. 'ആര് ? സന്ദർഭം വിശദമാക്കുക?
10. സൗന്ദര്യ പ്രതീതിയുളവാക്കുന്ന വസ്തുക്കളെക്കുറിച്ച് എം. പി. പോളിന്റെ നിരീക്ഷണമെന്തായിരുന്നു.?
11. ഇരയിമ്മൻ തമ്പിയുടെ കൃതികളുടെ പ്രത്യേകത വിവരിക്കുക?
12. മതകലഹത്തെക്കുറിച്ച് സുകുമാർ അഴീക്കോടിന്റെ അഭിപ്രായമെന്തായിരുന്നു.?
13. വിഖ്യാത സഞ്ചാര സാഹിത്യകാരിയായ ദെർവല മർഫിയുടെ കുടക് ഓർമ്മകൾ വിവരിക്കുക.?
14. 'ഇതാ തോട്ടികളുടെ ഒപ്പം തോട്ടി ഡോക്ടറായി എന്നെ ഇരുത്തിയിരിക്കുന്നു ' – വിവക്ഷിതമെന്ത്.?
15. വടിവേലുവിന്റെ സംഗീതത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.?

**(Ceiling: 25 Marks)**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള എട്ട് ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.**

16. 'മനുഷ്യ ബന്ധങ്ങളിലെ കയ്പും ചവർപ്പും എരിവും പുളിയും മധുരവുമെല്ലാം വടക്കിന്റെ നാടോടി മനസ്സിന് സ്വീകാര്യമാകുന്ന വിധത്തിലാണ് കതിവന്നൂർ വീരനെ സൃഷ്ടിച്ചെടുത്തിരിക്കുന്നത്'-അപഗ്രഥിക്കുക.?

17. സൗന്ദര്യത്തെക്കുറിച്ച് ഹെർബർട്ട് സ്പെൻസറിന്റെ കാഴ്ചപ്പാടുകൾ ക്രോഡീകരിക്കുക?

18. സ്വാതി തിരുനാൾ രാജ്യത്തിനും സംഗീതത്തിനും നൽകിയ സംഭാവനകൾ വിവരിക്കുക?

19. സാഹിത്യ നിർമ്മാണത്തിലും നിരൂപണത്തിലും ബഹുമതികൾക്കും സമ്മാനങ്ങൾക്കുമുള്ള സ്ഥാനത്തെക്കുറിച്ച് എം. എൻ. വിജയന്റെ കാഴ്ചപ്പാട് വ്യക്തമാക്കുക?

20. 'അതിർത്തികളില്ലാത്ത, നിയമങ്ങളില്ലാത്ത, മർദ്ധിതരും ചൂഷിതരുമില്ലാത്ത, ഒരു ലോകത്തെ സ്വപ്നം കാണുന്ന ഉമാപതി, പല ദേശത്തിലെയും വർഗസമരങ്ങളുടെ പ്രതിനിധിയാണ്' -നിരൂപണം തയ്യാറാക്കുക?

21. 'നൂറ് സിംഹാസനങ്ങൾ ' എന്ന കൃതിയിലെ ധർമ്മപാലൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക?

22. 'മനുഷ്യന്റെ വ്യക്തിയെയും സമൂഹത്തെയും ഉൽക്കർഷപ്പെടുത്തുന്ന പരമമായ ചോദനയാണ് മതം '-നിരൂപിക്കുക?

23. നിഗൂഢമായ മനുഷ്യമനസ്സിനെയാണ് 'ഒരിതൾ' എന്ന കഥയിൽ അനാവരണം ചെയ്തിരിക്കുന്നത് -സ്വാഭിപ്രായം വ്യക്തമാക്കുക?

**(Ceiling: 35 Marks)**

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. ദളിത് ജീവിതത്തിന്റെ ദയനീയ ചിത്രം നൂറ് സിംഹാസനങ്ങൾ എന്ന നോവലിൽ അനാവൃതമാകുന്നത് എപ്രകാരമാണ് -ഉപന്യസിക്കുക?

25. ശ്രീനാരായണീയ ദർശനങ്ങൾ മുൻനിർത്തിയുള്ള സുകുമാർ അഴീക്കോടിന്റെ മതചിന്തകൾ ക്രോഡീകരിക്കുക?

26. കുടക് നൽകുന്ന ബാഹ്യവും ആഭ്യന്തരവുമായ അനുഭവങ്ങളെക്കുറിച്ച് 'കുടക് കുറിപ്പുകൾ' മുൻനിർത്തി ഉപന്യസിക്കുക?

27. സൗന്ദര്യത്തെക്കുറിച്ചുള്ള വിവിധ വാദങ്ങളെ എം. പി. പോൾ പരിചയപ്പെടുത്തുന്നത് എപ്രകാരമാണ് ? ചർച്ച ചെയ്യുക?

**(2 × 10 = 20 Marks)**

*******